"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്-തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് 2009-10, 2010-11 വർഷങ്ങളിൽ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി യഥാക്രമം 28/10, 29/10, 13/11 എന്നീ നമ്പറുകളിലായി നടപ്പിലാക്കിയ സമഗ്ര മത്സ്യകൃഷി വികസന പദ്ധതി എന്ന പ്രോജക്ടിൽ സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ അധികമായി തുക ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

തദ്ദേശ സ്വയംഭരണ(എ.സി) വകുപ്പ്

സ.ഉ.(സാധാ) നം.1953/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 08/10/2021

പരാമർശം:-
1. 16.12.2015 തീയ്യതിയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം
2. 16.03.2017 ലെ ഗ്രാമവികസന കമ്മീഷണറുടെ സിആർഡി/955/2016-ഡി.പി-3 നമ്പർ കത്ത്
3. 21.05.2018 ലെ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കെ.എസ്.എ807/പിറ്റി 3/2018 നമ്പർ കത്ത്

ഉത്തരവ്

കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2009-10,2010-11 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3-1 ലെ പരാമർശമായ (28/10,13/11 നമ്പർ പ്രൊജക്ടുകൾ) സമഗ്ര മത്സ്യ കൃഷി വികസന പദ്ധതി പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ അധികമായി ചിലവഴിച്ച 2,40,000 രൂപയും, ഓഡിറ്റ് ഖണ്ഡിക 3-2 പരാമർശമായ (29/10 നമ്പർ പ്രൊജക്ട്) സബ്സിഡി ഇനത്തിൽപ്പെടാത്ത ഇനത്തിന് അധികമായി ചെലവഴിച്ച 1,59,200/- (80000 +79200) രൂപ അടക്കം ആകെ 3,99,200/- രൂപ ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും നടപടിയിൽ കേരള സംസ്ഥാന ഓഡിറ്റ് തടസ്സം ഉന്നയിക്കുകയുണ്ടായി. ആകയാൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ സാധൂകരണം നൽകണമെന്ന് പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ അഭ്യർത്ഥിച്ചു.

28/10, 13/11 , 29/10എന്നീ നമ്പർ പ്രൊജക്ടുകൾ നടപ്പിലാക്കിയിരിക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ അറിവോടും സമ്മതത്തോടും ആയതിനാലും പാവപ്പെട്ട ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി ആയതിനാലും, പ്രോജക്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം ഖണ്ഡിക 3-1 പ്രകാരം അധികമായി ചെലവഴിച്ച 2,40,000/- രൂപയും, യന്ത്രവൽകൃത വള്ളങ്ങൾ വാങ്ങി നല്കൽ, ചെമ്മീൻ കൃഷി വികസനം എന്നിവയ്ക്ക് സബ്സിഡി നല്കിയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശം ഖണ്ഡിക 3-2 പ്രകാരവും ചെലവഴിച്ച 1,59,200/- (80000 +79200) രൂപ അടക്കം ആകെ 3,99,200/- രൂപ ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും നടപടിക്ക് സർക്കാറിൽ നിന്നും സാധൂകരണം ലഭ്യമാക്കുന്നത് ഉചിതമായിരിക്കുമെന്നും ഗ്രാമവികസന കമ്മീഷണർ അറിയിച്ചു.

ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗനിർദ്ദേശം കൃത്യമായി

പാലിക്കണമെന്ന നിർദ്ദേശത്തോടെ ഇക്കാര്യത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ നിന്നും പ്രസ്തുത പ്രോജക്ടുകൾ രൂപീകരിച്ചതും നടപ്പിലാക്കിയിട്ടുള്ളതും സ്വയം തൊഴിൽ പദ്ധതി പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണെന്നും പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളത് എസ്.ജി.എസ്.വൈ മാനദണ്ഡങ്ങൾക്ക് വിരുദ്ധമല്ലെന്നും കാണുന്നു. കൂടാതെ നിർവ്വഹണ ഉദ്യോഗസ്ഥന് വ്യക്തിപരമായി ഏതെങ്കിലും രീതിയിൽ സാമ്പത്തികമായോ അല്ലാതെയുള്ള നേട്ടം ഉണ്ടായിട്ടില്ലെന്നും പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ മറ്റ് വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലെന്നും കാണുന്നു. ആകയാൽ കണ്ണൂർ ജില്ലയിലെ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2009-10,2010-11 വർഷത്തെ ഓഡിറ്റ് ഖണ്ഡിക 3-1 ലെ പരാമർശമായ (28/10,13/11 നമ്പർ പ്രൊജക്ടുകൾ) സമഗ്ര മത്സ്യ കൃഷി വികസന പദ്ധതി പ്രകാരം സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ അധികമായി ചിലവഴിച്ച 240000 രൂപയും, ഓഡിറ്റ് ഖണ്ഡിക 3-2 പരാമർശമായ (29/10 നമ്പർ പ്രൊജക്ട്) സബ്സിഡി ഇനത്തിൽപ്പെടാത്ത ഇനത്തിന് അധികമായി ചെലവഴിച്ച 1,59,200/- (80000 +79200) രൂപ അടക്കം ആകെ 3,99,200/- രൂപ (മൂന്ന് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി ഇരുനൂറ് രൂപ) ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്തിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥനായ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെയും നടപടി, ഭാവിയിൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ പദ്ധതി മാർഗ്ഗനിർദ്ദേശം കൃത്യമായി പാലിക്കണമെന്ന നിർദ്ദേശത്തോടെ, സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രജി രാജേന്ദ്രൻ
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്) തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം
സെക്രട്ടറി, തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,സ്വരാജ് ഭവൻ,നന്ദൻകോട്, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ/വിവര പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ